# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

(11-04-2009 മുതൽ 17-04-2009 വരെ)

## 2,62,870 രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു

14-4-2009 ഉച്ചയ്ക്ക് 2 മണിയോടുകൂടി നെയ്യാറ്റിൻകര ബസ്സ്റ്റാന്റ് പരിസരത്ത് സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട കൊടുവള്ളി സ്വദേശി റമീസിനെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതിലും പരിശോധിച്ചതിലും ടിയാന്റെ പക്കൽ നിന്നും 2,62,870 രൂപയുടെ കുഴൽപ്പണം കണ്ടെടുത്തു. മേൽ നടപടിക്കായി റമീസിനെ എൻഫോഴ്സ്മെന്റ് അധികൃതർക്ക് കൈമാറി.

(Cr.No. 172/09 KLM, Ochira PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. V. Ratheesh, Shri. Rasheed ASI, HC 4544

## ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ മുക്കിയ ആൾ അറസ്റ്റിൽ

ദേവസ്വം ബോർഡിലും റെയിൽവേയിലും ജോലി നൽകാമെന്ന് പറഞ്ഞ് നിരവധി പേരിൽ നിന്നും ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത് മുങ്ങിനടന്ന വിജയധരനെ 14-4-2009-ന് വൈകിട്ട് 3.30 മണിയോടെ കള്ളിക്കാട് മരയ്ക്കാശ്ശേരി വീട്ടിൽനിന്നും ഓച്ചിറ പോലീസ് പിടികൂടി.

(Cr.No. 172/09 KLM, Ochira PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. V. Ratheesh, Shri. Rasheed ASI, HC 4544

## ട്രെയിനിൽ മോഷണം നടത്തുന്ന രണ്ടുപേർ പിടിയിൽ

ട്രെയിനുകളിൽ പതിവായി സഞ്ചരിച്ച് മോഷണം നടത്തിവന്നിരുന്ന പിടികിട്ടാപ്പുള്ളി കളായ പഴുക്കര മാളികയിൽ ബൈജു, മോതിരക്കണ്ണി ജോമോൻ എന്നിവരെ 13-4-2009 രാവിലെ 5.30 മണിക്ക് പഴുക്കര ഭാഗത്തുനിന്ന് മാള പോലീസ് അറസ്റ്റു ചെയ്തു.

(Cr.No. 290/09 TSR, Mala PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Sijo Varghese SI, Shri. Philip Varghese ASI, HC 4353, PC 3842, 5751, 6303, 4372

## അഞ്ചുകിലോ കഞ്ചാവുമായി പശ്ചിമ ബംഗാൾ സ്വദേശികൾ അറസ്റ്റിൽ

പാലാരിവട്ടം പോലീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 13-4-2009 ഉച്ചയ്ക്ക് 1.30 മണിയോടുകൂടി എറണാകുളം കലൂർ കാരണകോടം ഭാഗത്തുനിന്നും രണ്ടരലക്ഷം രൂപ വിലവരുന്ന അഞ്ചുകിലോ കഞ്ചാവുമായി പശ്ചിമബംഗാൾ സ്വദേശികളും സഹോദരങ്ങളുമായ ദിലീപ് റോയി, ഹരിബാദാ റോയി എന്നിവരെയും ഇയാദർ എന്നയാളെയും പാലാരിവട്ടം പോലീസ് അറസ്റ്റുചെയ്തു.

(Cr.No. 531/09 EKM, Palarivattom PS.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Shri. Anil Geeorge SI

## പിടികിട്ടാപ്പുള്ളികൾ അറസ്റ്റിലായി

നിരവധി കേസ്സുകളിലെ പ്രതികളും പിടികിട്ടാപ്പുള്ളികളുമായ രാമകൃഷ്ണനെ (LP 134/08) 14/4/2009 ന് മാന്നാറിലുള്ള ടിയാന്റെ വീട്ടിൽനിന്ന് മാന്നാർ SI യുടെ നേതൃത്വത്തിലുള്ള പോലീസ് പാർട്ടിയും, ബാബുവിനെ (LP 59/2005) 16/04/2009-ന് പുതുപ്പള്ളിക്കു സമീപത്തു നിന്ന് കായംകുളം SI യും പാർട്ടിയും അറസ്റ്റ് ചെയ്തു.

(ALPY)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Jose Mathew SI, G HC 5148 & P. K. Sreedharan SI, GHC 4402, 4217, PC 5329